കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്ത്

2015-16

## ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം
Email: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി1)351/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020
ഇ മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി: 24.03.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്ത് 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1, 3-7 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി1)351/2017 തീയതി 24.03.2017

## തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16

## സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 16.4.16 മുതൽ 30.1.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2015-16വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സുരേഷ്ബാബു.വി<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.02.2017മുതൽ 01.03.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സതീശൻ.എൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. തുളസീദാസ്. വി.ജി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈനി കൃഷ്ണദാസ്.ഇ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സിജു.പി.ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ബിന്ദു. സി.വി. | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | മാഗി ജോസ് | 1.4.15 മുതൽ 31.10.15 വരെ |
| | അഡ്ഹോക്ക് കമ്മിറ്റി | 01.11.15 മുതൽ 18.11.15 വരെ |
| | ശ്രീ. ലൈജു.സി.എടക്കളത്തൂർ | 19.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | സി.എ.മുരളീധരൻ | 1.4.15 മുതൽ 10.2.16 വരെ |
| | കെ.ഇ.ഉണ്ണി (ജോയിന്റ് ബി.ഡി.ഒ) ( ഇ.ജി.എസ്) ഇൻചാർജ്ജ് | 10.2.16 മുതൽ 20.2.16 FNവരെ |
| | പി.എം.രാജീവ് | 20.2.16 മുതൽ 31.3.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പുഴയ്ക്കൽ | ശ്രീമതി.രമ.കെ.നായർ | 1.4.15 മുതൽ 7.10.15വരെ |
| | ശ്രീമതി. രുഗ്മിണി.ആർ | 8.10.15 മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തോളൂർ | ഡോ. ജോബ്.സി.ഒ | 1.4.15 മുതൽ 31.3.16 വരെ |
| ശിശു വികസന പ്രോജക്ട് ഓഫീസർ | ശ്രീമതി. പാത്തിമ ബീവി | 1.4.15 മുതൽ 31.3.16 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.സീന ജോസ് പല്ലൻ | 1.4.15 മുതൽ 11.9.15 വരെ |
| | ഡോ.ടെസ്സി.കെ.കുരുവിള | 12.9.15 മുതൽ 31.3.16 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.ജോൺസൺ ലോറൻസ് | 1.4.15 മുതൽ 2.10.15 വരെ |
| | ശ്രീമതി. സുഗുണഭായ് | 3.10.15 മുതൽ 31.3.16 വരെ |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീ. ഷൈബി ജോർജ്ജ് | 1.4.15 മുതൽ 21.6.15 വരെ |
| | ശ്രീ. മണികണ്ഠകുമാർ | 22.6.15 മുതൽ 31.3.16 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1.8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1.9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.10 |
| | ഭാഗം 2 | |
| 11 | രസീത് - അപാകതകൾ | 2-1 |
| 12 | ഫയൽ ഹാജരാക്കിയില്ല | 2-2 |
| 13 | വാടക-അപാകതകൾ പരിഹരിക്കേണ്ടതാണ് | 2-3 |
| | ഭാഗം 3 | |
| 14 | ഐ.എ.വൈ.-സഹകരണ ബാങ്കുകൾ വായ്പ കണക്കാക്കിയതിൽ വ്യത്യാസം-ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു | 3-1 |
| 15 | സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിലെ അപാകതകൾ | 3-2 |
| 16 | സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 3-3 |
| 17 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 3-4 |
| 18 | പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല | 3-5 |

| | | |
|---|---|---|
| 19 | IAY പദ്ധതി -57 വീടുകൾ പൂർത്തിയാക്കാൻ അവശേഷിക്കുന്നു. | 3-6 |
| 20 | മുളങ്കുന്നത്തുകാവ് - പുളായ്ക്കൽ കുടിവെള്ള പദ്ധതി - ചെലവു കണക്കുകളിൽ വൈരുദ്ധ്യം. | 3-7 |
| 21 | അവണൂർ ഈത്തപ്പാറ കോളനി പാരമ്പര്യ ഈറ്റ തൊഴിൽ - കരകൗശല നിർമ്മാണ വിപണന കേന്ദ്രം നിർമ്മാണം - അപാകതകൾ | 3-8 |
| 22 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കൽ - രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 3-9 |
| 23 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികൾ-ടെണ്ടർ ഫോം വില ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായില്ല. | 3-10 |
| 24 | ആസ്തി രജിസ്ററർ സൂക്ഷിക്കുന്നില്ല. | 3-11 |
| 25 | പ്രോജക്ട് നം. 67/16 കൊളങ്ങാട്ടുകര വനിതാ വിപണന കേന്ദ്രം ചുറ്റുമതിൽ നിർമ്മാണം- അപാകതകൾ | 3-12 |
| | ഭാഗം 4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 31 | ഓഡിറ്റ് റിക്കവറി | 4.6 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 20.3.15 തിയതിയിലെ 69/15 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 23,24,06,600 രൂപയും ചെലവ് 21,89,61,600 രൂപയുമാണ്. ബജറ്റ്

സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/16 | 28/7/16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)"സാംഖ്യ" സോഫ്റ്റ് വെയറിൽ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

2)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, മറ്റ് ഡെപ്പോസിറ്റുകൾ എന്നീയിനങ്ങളിൽ 31/3/2016 ൽ 34,458 രൂപയുടെ ബാധ്യതയുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

3)31/3/2015 ലെ യും 31/3/2016 ലെയും ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11(a)പ്രകാരം Capital work in progress ഇനത്തിൽ 14,22,547രൂപ തന്നെ നീക്കിയിരിപ്പ്കാണുന്നു. ഈ പ്രവർത്തികൾ നാളിതുവരെ പൂർത്തീകരിക്കാത്തതാണോയെന്നോ, വാർഷികകണക്കിൽ ട്രാൻസ്ഫർ എൻട്രി രേഖപ്പെടുത്താത്തതാണോയെന്നോ വ്യക്തമല്ല.

4) ബാങ്ക് അക്കൗണ്ടുകളുടെ 31/3/2016 ലെ നീക്കിയിരിപ്പ് സംബന്ധിച്ച് ബാങ്കിൽ നിന്നും കൺഫർമേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

5) വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

6)31/3/2015 ലെ ബാലൻസ്ഷീറ്റ് പ്രകാരം "330500102-Secured loan from Co operative banks "എന്ന ഇനത്തിൽ 56,53,953 രൂപ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രോജക്ട് നമ്പർ SOO98/16 പ്രകാരം 6 സഹകരണ ബാങ്കുകളിലേക്ക് 6,75,214 രൂപ വീതം ആകെ 40,51,284 രൂപ വായ്പ മുതലിലേക്കും 16,55,777 രൂപ പലിശ യിലേക്കും ഇപ്രകാരം ആകെ 57,07,061 തിരിച്ചടവ് നടത്തിയിട്ടുണ്ട് (ബിൽ നമ്പർ 45 തീയതി 31/3/2016).

വായ്പ മുതലിലേക്ക് തിരിച്ചടവ് നടത്തിയ 40,51,284 രൂപ "330500102 -Secured loan from Co operative bank" എന്ന ബാധ്യത ശീർഷകത്തിലും പലിശ തുക "240500101- Interest on loan from Co operative bank"എന്ന ചെലവ് ശീർഷകത്തിലും Debit ചെയ്യുന്നതിനു പകരം വൗച്ചർ നമ്പർ 21500756 തീയതി 31/3/2016 പ്രകാരം തെറ്റായി, "251300101 -Housing General "എന്ന ചെലവ് ശീർഷകത്തിൽ 57,07,061രൂപ മുഴുവനായും Debit ചെയ്തു. ഇതു മൂലം 31/3/2016 ൽ ബാലൻസ്ഷീറ്റ് പ്രകാരം "330500102- Secured loan from co operative bank "എന്ന ബാധ്യത ശീർഷകത്തിൽ 58,00,000 രൂപ തിരിച്ചടക്കാനുള്ളതായി തെറ്റായി രേഖപ്പെടുത്തി കാണുന്നു. മാത്രമല്ല ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ 40,51,284 രൂപ കൂടുതൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. കണക്കുകൾ ക്രമീകരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 30299310.57

വരവ് - 83222883.00

ആകെ - 113522193.57

ചെലവ് - 86010561.00

നീക്കിയിരിപ്പ് - 27511632.57

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7369906 | 14849420 | 22219326 | 22219326 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 1845534 | 8617434 | 10462968 | 10461434 | 1534 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 76000 | 76000 | 76000 | | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1406695 | 2055254 | 3461949 | 3461949 | | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1951145 | 3570849 | 5521994 | 2133750 | | 3388244 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 80 | 40980120 | 51 | 32156745 | 15 | 14 | 63.75 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 99.57 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 31265 | 62395 | 31130 | (+)99.57% |
| ആകെ | 31265 | 62395 | 31130 | (+)99.57% |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.3.17 തിയതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1) പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ , ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവയൊന്നും സൂക്ഷിക്കുന്നില്ല.
2) സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3)ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേരു വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇൻക്യൂമ്പൻസി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയത് കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4) സീനിയർ വെറ്ററിനറി സർജൻ നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

5) വൗച്ചറുകൾക്ക് കൃത്യമായ നമ്പർ നൽകി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2.11.2015 മുതൽ 11.11.15 വരെ | 2015-16 | 17.2.17 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് - അപാകതകൾ

| രസീത് ബുക്ക് നം | രസീത് നം | തിയ്യതി | തുക | ഇനം | പേര് |
|---|---|---|---|---|---|
| III | 52 | 18.2.16 | 3210 | റവന്യൂ റിക്കവറി, | ബിന്ദു ദിനേശൻ |

| | | | | | |
|---|---|---|---|---|---|
| | 54 | 22.3.16 | 121441 | ഓണറേറിയം | പ്രൊജക്ട് ഡയറക്ടർ, ജില്ലാ ശുചിത്വ മിഷൻ |
| | 55 | 23.3.16 | 18467 | ഐ.എ.വൈ തിരിച്ചടവ് | ലിസി ജോസ് |

മാന്വൽ രസീത് ബുക്ക് പ്രകാരം പിരിച്ച മേൽ തുകകൾ അക്കൗണ്ട് ചെയ്തതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) രസീത് നം. 55 പ്രകാരം പിരിവ് വന്ന 18467 രൂപ സാംഖ്യ അക്കൗണ്ട്സിൽ ഉൾപ്പെടുത്തി രസീത് നൽകാതെ നേരിട്ട് പ്രൊജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന് തിരിച്ച് അടക്കുകയാണുണ്ടായത്. ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2) മാന്വൽ രസീത് നം. 52 പ്രകാരം പിരിവ് വന്ന 3210 രൂപയും രസീത് നം.54 പ്രകാരം പിരിവ് വന്ന 121441 രൂപയും ഡെ ബുക്കിൽ കാണുന്നില്ല. സാംഖ്യ സോഫ്റ്റ്വെയറിലെ ഭൗതിക പരിശോധനയിൽ മേൽ രസീതുകൾ യഥാക്രമം 11506400002/18.02.16, 11506400003/22.03.16 നമ്പറുകൾ പ്രകാരം ഇഷ്യൂ ചെയ്തിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടെങ്കിലും ടി രസീതുകൾ ഡെ ബുക്കിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 2-2 ഫയൽ ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വാർഷിക കണക്കു പ്രകാരം sale of scrap ഇനത്തിൽ 19995/- രൂപയുടെ വരവ് ഉണ്ട്. ഫയൽ ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

## 2-3 വാടക - അപാകതകൾ പരിഹരിക്കേണ്ടതാണ്.

1) ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വാടകക്ക് നൽകിയിരിക്കുന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫോർച്യൂണ എച്ച് ആർ ഡി ഇൻസ്റ്റിറ്റ്യൂട്ട് (കെട്ടിട നമ്പർ-201) 11/15 മുതൽ 3/16 വരെയുള്ള വാടക അടവാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

2) ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടമുറികൾ (കെട്ടിട നമ്പർ-203, 204)പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

3) വാടക രജിസ്റ്ററിൽ എല്ലാ കെട്ടിടമുറികളുടേയും വിവരങ്ങൾ എഴുതേണ്ടതും രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

4) വാടക ബൈലോ തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മുറികൾ വാടകക്ക് നൽകേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ.എ.വൈ.-സഹകരണ ബാങ്കുകൾ വായ്പ കണക്കാക്കിയതിൽ വ്യത്യാസം-ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

ഐ.എ.വൈ. പദ്ധതിക്ക്ബ്ലോക്ക് പഞ്ചായത്ത് വിവിധ സഹകരണ ബാങ്കുകളിൽ നിന്നായി ആകെ 5753358/- രൂപ വായ്പ എടുത്തിരുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | വായ്പാ തുക | വായ്പാ തീയ്യതി | പലിശ നിരക്ക് | 1/4/15 മുതൽ 31/3/16 വരെയുള്ള പലിശ | 1/4/15മുതൽ31/3/16 വരെ 11.25% നിരക്കിൽ പലിശ | അധിക പലിശ |
|---|---|---|---|---|---|---|
| അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്ക് | 1000000 | 10/10/13 | 12% | 120329 | 112808 | 7521 |
| മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | 1000000 | 3/10/13 | 12.5% | 130983 | 112500 | 18483 |
| വരടിയം സർവ്വീസ് സഹകരണ ബാങ്ക് | 1000000 | 4/10/13 | 12.5% | 125342 | 112808 | 12534 |
| കോലഴി സർവ്വീസ് സഹകരണ ബാങ്ക് | 800000 | 31/7/13 | 12.5% | 113918 | 103018 | 10000 |
| പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക് | 1000000 | 19/7/13 | 12.5% | 125000 | 112500 | 12500 |
| തിരൂർ സർവ്വീസ് സഹകരണ ബാങ്ക് | 953358 | 18/10/13 | 12.5% | 119496 | 107547 | 11950 |
| ആകെ | | | | | | 72988 |

മേൽപ്രകാരം ലോൺ എടുക്കാൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ (നം.193/2013 /തസ്വഭവ.തീയ്യതി.24/5/13)11.25% നിരക്കിലുള്ള പലിശ സർക്കാർ അടവാക്കുമെന്നും അധിക പലിശ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അടവാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ആയതിനാൽ മേൽപ്രകാരം അധിക പലിശയായ 72988/- രൂപ ട്രഷറി ബിൽ നം.48/31-3-16 പ്രകാരം പിൻവലിച്ച് അതത് ബാങ്കുകൾക്ക് നല്കിയിരുന്നു(പ്രോജക്ട് നം.77/16). എന്നാൽ ഒരേ തുകയും, ഒരേ കാലയളവും, ഒരേ പലിശനിരക്കുമായിരുന്നിട്ടും ഓരോ ബാങ്കും പലിശ കണക്കാക്കിയത് വ്യത്യസ്ത രീതിയിലാണെന്നുകാണുന്നു.

26/3/15-ലെ സ.ഉ.നം.1328/2016/ത.സ്വ.ഭ.വ പ്രകാരം ധനകാര്യസ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പയും പലിശയും തിരിച്ചടവാക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നല്കിയിരുന്നു. ആയതുപ്രകാരം പ്രോജക്ട് നം. 98/16 സഹകരണ സ്ഥാപനങ്ങളിൽനിന്നെടുത്ത വായ്പ, പലിശ തിരിച്ചടവ് എന്ന പദ്ധതിയിൻകീഴിൽ ട്രഷറി ബിൽ നം. 45/31-3-16 പ്രകാരം 5707061/- രൂപ പിൻവലിച്ച് മുതൽ,പലിശയിനത്തിൽ അതത് ബാങ്കുകളിൽ അടവാക്കിയിട്ടുണ്ട്. ഇതിലും പലിശ കണക്കാക്കിയതിൽ വ്യത്യാസമുണ്ട്.

പലിശ കണക്കാക്കിയതിലെ വ്യത്യാസം വിശദീകരിക്കേണ്ടതും, ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം സംഭവിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിലെ അപാകതകൾ

1) പ്രൊജക്റ്റ് നം.21/2016- ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (എസ്.സി)

ചെലവ്-65000/-

ബിൽ നം.2/2015-16/22.01.16

2) പ്രൊജക്റ്റ് നം.23/2016- ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (ജനറൽ)

ചെലവ് - 854600/-

ബിൽ നം.1/2015-16/30.09.15

സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതികൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

പ്രൊജക്റ്റ് നം.21/2016

| ഗ്രാമ പഞ്ചായത്ത് | നൽകിയ തുക | ചെലവഴിച്ചത് (ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ബാലൻസ് |
|---|---|---|---|
| കൈപറമ്പ് | 25000 | 22800 | 2200 |
| കോലഴി | 40000 | 40000 | - |

പ്രൊജക്റ്റ് നം.23/2016

| ഗ്രാമ പഞ്ചായത്ത് | നൽകിയ തുക | ചെലവഴിച്ചത് (ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ബാലൻസ് |
|---|---|---|---|
| അവണൂർ | 162500 | 158350 | 4150 |
| അടാട്ട് | 100000 | 100000 | - |
| തോളൂർ | 150000 | 114900 | 35100 |
| കൈപറമ്പ് | 137100 | 124200 | 12900 * |
| മുളങ്കുന്നത്തുകാവ് | 125000 | 125000 | - |
| കോലഴി | 180000 | 180000 | - |

*(കൈപറമ്പ് ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച ധനവിനിയോഗ സാക്ഷ്യപത്ര പ്രകാരം നൽകിയ തുക -142176, ചെലവഴിച്ചത്-124200, ബാലൻസ്-17976 എന്നാണ്.)

മേൽ പദ്ധതി നിർവ്വഹണം നടത്തിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) പ്രൊജക്റ്റ് 21/2016 പ്രകാരം കോലഴി ഗ്രാമ പഞ്ചായത്തിന് നൽകിയ 40000/- രൂപക്ക് സാംഖ്യ രസീത് സൂക്ഷിച്ചിട്ടില്ല.

2) തോളൂർ, അവണൂർ, കൈപറമ്പ് ഗ്രാമ പഞ്ചായത്തുകൾ മുഴവൻ തുകയും ചെലവഴിച്ചിട്ടില്ല.

തുക നഷ്ടപ്പെട്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി വിലയിരുത്തുന്നു. സംയുക്തപ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ കൃത്യമായി നിർദ്ദേശങ്ങൾ നൽകേണ്ടതും ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## **3-3** <u>സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ -- നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല</u>

പ്രൊജക്ട് നം.73/15-16

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ

ചെലവ് -- 150000/- (മെയിന്റനൻസ് - റോഡിതരം )

ബിൽ നം.1/2015-16/19.02.16

മേൽ പ്രൊജക്ട് പ്രകാരം തോളൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്നു വാങ്ങിയിട്ടുണ്ട്. പ്രൊജക്ട് ഫയലിൽ മരുന്ന് വാങ്ങുന്നതിനുള്ള ഇന്റന്റ്, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല. പദ്ധതി തുക മരുന്ന് വാങ്ങുന്നതിനായി ചെലവഴിക്കുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## **3-4** <u>സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു</u>

അസിസ്റ്റന്റ് ഡയറക്ടർ , കൃഷി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ' വനിതാ സ്വയം സഹായ സംഘങ്ങൾക്ക് നെൽക്കൃഷിയ്ക്കുള്ള കൂലിച്ചെലവിനുള്ള ധനസഹായം' എന്ന പദ്ധതി പ്രകാരം ( പ്രോജക്ട് നം. 95/16) 102832 രൂപ (ബിൽ നം. LSGI 3/15-16 തി. 23.3.16) ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലെ 21 ഗ്രൂപ്പുകൾക്കാണ് തുക വിതരണം നടത്തിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 362/2013 ത.സ്വ .ഭ .വ തീയതി 16.11.2013 പ്രകാരം നെൽക്കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ- ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾ 60:15:25 എന്ന അനുപാതത്തിൽ തുക വകയിരുത്തണം എന്നും നിർവ്വഹണം നടത്തേണ്ടത് ഗ്രാമപഞ്ചായത്തയാരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-5** <u>പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല</u>

പ്രോജക്ട് നം : 96/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ

ബിൽ നം : BP 8/15-16 തി. 30.3.16 തുക 850200

പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പഞ്ചായത്തുകളിലെ 24 വിദ്യാർത്ഥികൾക്ക് Zeta IT Innovations India Pvt (Ltd) എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ തോളൂർ, അവണൂർ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ അംഗീകരിച്ച

ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ പഞ്ചായത്തുകളിലെ ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

അവണൂർ ഗ്രാമപഞ്ചായത്ത്

നിമിഷ.വി.കെ

വടക്കേവളപ്പിൽ ഹൗസ്

വരടിയം

തോളൂർ ഗ്രാമപഞ്ചായത്ത്

1. അഖിൽ.എം.എസ്

s/o സുബ്രഹ്മണ്യൻ

മതിയിൽ ഹൗസ്

2. മഞ്ജു.സി.പി

ചാലയ്ക്കൽ ഹൗസ്

തോളൂർ

3. ഗ്രീഷ്മ.കെ.എം

കരുവന്നൂർ ഹൗസ്

പോന്നോർ

രേഖകൾ ഹാജരാക്കുന്നതു വരെ മേൽ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 141700 രൂപ (33738x4= 134952 +5% vat) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-6 IAY പദ്ധതി -57 വീടുകൾ പൂർത്തിയാക്കാൻ അവശേഷിക്കുന്നു.

IAY പദ്ധതി പ്രകാരം ഒരു ഗഡുവെങ്കിലും തുക കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു

| ക്രമ. നം. | സാമ്പത്തികവർഷം | ഭവനനിർമാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | 2011-12 | 5 |
| 2 | 2012-13 | 15 |
| 3 | 2013-14 | 9 |
| 4 | 2014-15 | 6 |
| 5 | 2015-16 | 22 |
| ആകെ | | 57 |

ഈ പ്രോജക്ടിലേയ്ക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിലേക്ക് ലഭിച്ച വിഹിതത്തിൽ 31/3/2016 ൽ 1,10,80,911രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഭവനനിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 3-7 മുളങ്കുന്നത്തുകാവ് - പുളായ്ക്കൽ കുടിവെള്ള പദ്ധതി - ചെലവു കണക്കുകളിൽ വൈരുദ്ധ്യം.

പ്രോജക്റ്റ് നമ്പർ - SOO 72/16.

പദ്ധതിയുടെ പേര് - പുളായ്ക്കൽ കുടിവെള്ള പദ്ധതി പൂർത്തീകരണം.

അടങ്കൽ തുക – 18,00,000/- രൂപ.

കരാർ നമ്പർ - 01/AEE/LSGD/PKL/15-16 തീയതി 8-7-2015.

ചെലവ് തുക – 18,00,000/- രൂപ DD No. 779833 dated 23-7-15.

ട്രഷറി ബിൽ നമ്പർ - 05/2015-16 തീയതി 23-07-2015.

മേൽ പ്രകാരം പുളായ്ക്കൽ കുടിവെള്ള പദ്ധതി പൂർത്തീകരണത്തിനായി 18,00,000/- രൂപ 2015-16 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടി ചെലഴിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ റിപ്പോർട്ട്, പ്രവൃത്തി ബിൽ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് അസി. എക്സി. എഞ്ചിനീയർ 8-4-2016 ന് നമ്പർ A15/AEE/LSGD/PKL/2011-12 പ്രകാരം കത്ത് അയച്ചതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയുടെ 14-06-2016 ലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എ1-3332/2015. 1/2 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ മേൽ പദ്ധതിയുടെ ആകെ ചെലവ് 20,71,328/- രൂപയാണെന്ന് കാണിച്ചിരിക്കുന്നു. വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയും അത്രതന്നെ എന്ന് കാണിച്ചിട്ടുണ്ട്. (18,00,000+2,71,378 (DD No.760220 dated 23-3-16)). കത്തിനോടൊപ്പം 20,71,328/- രൂപ ചെലവഴിച്ചുകൊണ്ട് പദ്ധതി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി ഉണ്ടാക്കിയ കരാർ ഉടമ്പടിയിലെ 7-ാമത്തെ വ്യവസ്ഥ പ്രകാരം ഹാജരാക്കേണ്ട പെർഫോർമെൻസ് റിപ്പോർട്ട്, ഫൈനൽ ബില്ലിന്റെ പകർപ്പ് എന്നിവ ഫയലിൽ ലഭ്യമല്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 02/2017 തീയതി 27-2-2017)

വാട്ടർ അതോറിറ്റി എക്സി, എഞ്ചിനീയറുടെ കത്ത് പ്രകാരം മേൽ പദ്ധതിയ്ക്കുവേണ്ടി ആകെ ഡെപ്പോസിറ്റ് ചെയ്ത തുകയും, ചെലവ് തുകയും 20,71,328/- രൂപയാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് രേഖകൾ പ്രകാരം മേൽ പ്രവൃത്തിക്കായി ആകെ ഡെപ്പോസിറ്റ് ചെയ്തത് 18,00,000/- രൂപയാണ്. പ്രോജക്റ്റ് പ്രകാരവും അടങ്കൽ 18,00,000/- രൂപയാണ്. ആയതിനാൽ ഡി.ഡി. നമ്പർ 760220 തീയതി 23-3-2016 പ്രകാരം വാട്ടർ അതോറിറ്റിയിൽ അടവാക്കിയ 2,71,378/- രൂപ എപ്രകാരം കണ്ടെത്തി എന്നത് വിശദമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 17/01-3-2017)

## 3-8 അവണൂർ ഈത്തപ്പാറ കോളനി പാരമ്പര്യ ഈറ്റ തൊഴിൽ - കരകൗശല നിർമ്മാണ വിപണന കേന്ദ്രം നിർമ്മാണം - അപാകതകൾ

പ്രോജക്റ്റ് നമ്പർ - 51/2015.

അടങ്കൽ തുക - 2,30,000/-

ചെലവ് - 1,13,671/-

ട്രഷറി ബിൽ നമ്പർ - 09/2015-16 തീയതി 16-12-2015.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എക്സി. എഞ്ചിനീയർ.

കൺവീനർ - മണികണ്ഠൻ. പി.സി.

അളവ് പുസ്തകം - 04/2005.

2015-16 സാമ്പത്തിക വർഷം പൂർത്തിയാക്കിയ, ഗുണഭോക്തൃ സമിതി വഴി നടപ്പാക്കിയ മേൽ പ്രവൃത്തിയുടെ IIIrd and Final ബിൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ പ്രവൃത്തിക്കായി കല്ല്, മെറ്റൽ, മണൽ, മണ്ണ്, സിമെന്റ് തുടങ്ങിയ നിർമ്മാണ സാധനങ്ങളുടെ വില 64,000/- രൂപ, ആയവ നൽകിയ വ്യക്തി കൺവീനറിൽ നിന്നും കൈപ്പറ്റിയതിന്റെ വൗച്ചർ മാത്രമെ ഫയലിൽ കാണുന്നുള്ളൂ. 1999 ലെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികൾക്ക് നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തീയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ലോ, രശീതിയോ വേണം. സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ, ഡീലർമാരിൽ നിന്നോ മാത്രമെ വാങ്ങാവൂ എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്.

2. അംഗീകൃത ക്രഷർ യൂണിറ്റുകളിൽ നിന്നും മെറ്റൽ, എം സാന്റ് എന്നിവ വാങ്ങുമ്പോൾ വാറ്റ് ബിൽ നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതും മണൽ പാസ് മുഖേന മണൽ ലഭ്യമാക്കേണ്ടതും പാസുകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ആയവ ഫയലിൽ ഇല്ല.

3. സിമന്റ്, കമ്പി മുതലായ നിർമ്മാണ വസ്തുക്കൾ വാങ്ങിയതിന്റെ ക്യാഷ് ബില്ലോ, രശീതിയോ ഫയലിൽ ഇല്ല. ഇപ്രകാരം ആധികാരിക രേഖകളുടെ പിൻബലമില്ലാതെയാണ് കൺവീനർക്ക് ബിൽ തുക നൽകിയിട്ടുള്ളത്.

4. ഗുണഭോക്തൃ സമിതിയുടെ ചെയർമാനും, കൺവീനറും, അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. കൺവീനർ ഹാജരാക്കിയ മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ ചേർക്കുകയോ, തീയതി രേഖപ്പെടുത്തി ഒപ്പു വെക്കുകയോ ചെയ്തിട്ടില്ല.

6. ഗുണഭോക്തൃ സമിതിയുടെ വരവ് ചെലവ് കണക്ക് ആരുംതന്നെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ല.

7. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/2015-16 തീയതി28-2-2017) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സർക്കാർ നിർദ്ദേശങ്ങളും, നിബന്ധനകളും പാലിച്ചിട്ടുണ്ടോ എന്നു പരിശോധിക്കാതെ കൺവീനർക്ക് ബിൽ തുക അനുവദിച്ചതിനാൽ 1,13,671/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കൽ - രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

അസിസ്റ്റന്റ് എക്സി, എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിന്റെ മൊത്തം തുകയുടെ കണക്കും, ആയതിന്റെ കൃത്യതയും പരിശോധിക്കുവാൻ കൃത്യമായ രജിസ്റ്ററിന്റെ അഭാവത്തിൽ ഓഡിറ്റിന് കഴിഞ്ഞില്ല. ഓഡിറ്റ് വർഷം ഈടാക്കിയ തുക ഡിമാന്റ് ഡ്രാഫ്റ്റുകളായി ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുത്തതിന്റെ കൈപ്പറ്റു രശീതികൾ സാമ്പത്തിക വർഷം തിരിച്ച് കൃത്യമായി സൂക്ഷിക്കാത്തതിനാൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഈ സാഹചര്യത്തിൽ കൃത്യമായി രജിസ്റ്റർ സൂക്ഷിക്കുന്നതിനും, ക്ഷേമനിധി ബോർഡിൽ നിന്ന്

ലഭ്യമാകുന്ന കൈപ്പറ്റ് രശീതികൾ വർഷം തിരിച്ച് സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികൾ-ടെണ്ടർ ഫോം വില ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായില്ല.

2014-15, 2015-16 വർഷങ്ങളിലായി ഇ-ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട ടെണ്ടർ ഫോം വില നാളിതുവരെയായി ലഭ്യമായിട്ടില്ല. ആയത് ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ആസ്തി രജിസ്ററർ സൂക്ഷിക്കുന്നില്ല.

18/7/13-ലെ ജി.ഒ.(ആർ.ടി)1900/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റേയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടേയും ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷങ്ങളിലും ആർജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ഈ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 3-12 പ്രോ.നം.67/16-കൊളങ്ങാട്ടുകര വനിതാ വിപണന കേന്ദ്രം ചുറ്റമതിൽ നിർമ്മാണം-അപാകതകൾ

ട്രഷറി ബിൽ നം.28/23-3-16 Rs.150921/-

കൊളങ്ങാട്ടുകര വനിതാ വിപണന കേന്ദ്രത്തിന് ചുറ്റമതിൽ കെട്ടി, ഗെയിറ്റ് വെച്ച് സംരക്ഷിക്കുന്നതിനായി 2,30,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, ടെണ്ടർ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടിരുന്നു. അതിനുശേഷം വലതുവശത്തെ മതിൽ KPBR ന് വിധേയമായി പണിയാനാകില്ല എന്ന് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് ഒഴിവാക്കി 152000/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ബാക്കി മൂന്ന് വശവും മതിൽ കെട്ടി ഗെയിറ്റ് വെച്ച് പ്രവൃത്തി പൂർത്തീകരിക്കുകയാണുണ്ടായത്. ആയതിനാൽ പ്രവൃത്തിയുടെ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിക്കാനായില്ല. മേൽപ്രകാരം വേണ്ടത്ര ശ്രദ്ധിക്കാതെ പ്രവൃത്തി നിർവ്വഹിക്കുന്നതുമൂലമുണ്ടാകുന്ന പാഴ്ചെലവ് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | 2015-16 ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 4814249 | 6465500 | ഐ.എ.വൈ | 9861762 | 1417987 |
| ജില്ലാ പഞ്ചായത്ത് | 2423260 | 16137614 | ഐ.എ.വൈ | 8897950 | 9662924 |
| കേന്ദ്ര | 743405 | 10054983 | ഐ.എ.വൈ- | 4418836 | 5636147 |

| | | | | | |
|---|---|---|---|---|---|
| വിഹിതം | | | കേന്ദ്ര വിഹിതം | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൂളായ്ക്കൽ കുടിവെള്ള പദ്ധതി | 779833/23.7.15 | 1800000 | 1800000 | - | - |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഇന്ദിര കുടിവെള്ള പദ്ധതി | 116840/11.12.15<br>726829/11.12.15 | 500000<br>50000 | 500000<br>50000 | - | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/തിയ്യതി | ബാങ്ക് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | അധിക പലിശ | |
| ഐ.എ.വൈ അധിക ധനസഹായം (2012-13) | 1)സ. ഉ. (എം.എസ്) 90/13 ത.സ്വ.ഭ.വ തീ. 14.3.13<br>2) സഹകരണ സംഘം രജിസ്ട്രാറുടെ 22.3.13 ലെ 18/13 ാം നമ്പർ സർക്കുലർ<br>3) സ. ഉ. (എം.എസ്) 162/13 ത.സ്വ.ഭ.വ | അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്<br>മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | 1000000<br>1000000 | 5753358 | - | - | *5753358 |

| | | | |
|---|---|---|---|
| | | വരടിയം സർവ്വീസ് സഹകരണ ബാങ്ക് | 1000000 |
| | തീ. 26.4.13 | തിരൂർ സർവ്വീസ് സഹകരണ ബാങ്ക് | 953358 |
| | | കോലഴി സർവ്വീസ് സഹകരണ ബാങ്ക് | 800000 |
| | | പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക് | 1000000 |

* ലോൺ രജിസ്റ്റർ പ്രകാരം മുൻവർഷവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക 5753358 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/തിയ്യതി | ബാങ്ക് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | അധിക പലിശ | |
| ഐ.എ.വൈ അധിക ധനസഹായം (2012-13) | 1)സ. ഉ. (എം.എസ്) 90/13 ത.സ്വ.ഭ.വ തീ. 14.3.13<br>2) സഹകരണ സംഘം രജിസ്ട്രാറുടെ 22.3.13 ലെ 18/13 ാം നമ്പർ സർക്കുലർ<br>3) സ. ഉ. (എം.എസ്) 162/13 ത.സ്വ.ഭ.വ തീ. 26.4.13 | അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 1000000 | 5753358 | - | - | *5753358 |

5653953 രൂപയുമാണ് കാണിച്ചിരിക്കുന്നത്. ബാലൻസ് ഷീറ്റ് പ്രകാരം തൻവഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 5800000 രൂപയുമാണ്. വായ്പയിലെ അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ വാർഷിക കണക്ക് അപാകതയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83222883.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86010561.00 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 508203 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 150000 | ഡോ.ജോബ്.സി.എ, മെഡിക്കൽ ഓഫീസർ |
| 3-4 | 102832 | ശ്രീമതി. രുഗ്മിണി.ആർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-5 | 141700 | ശ്രീമതി. സുഗുണഭായ്, പട്ടികജാതി വികസന ഓഫീസർ |
| 3-8 | 113671 | ശ്രീ. മണികണ്ഠകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 508203 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 95-96,96-97, 97-98 | എൽ.എഫ്.ടി21-368/00/16.6.00/7.8.00 | |
| 98-99(ചെലവ്) | എൽ.എഫ്.ടി21-77/08/10.5.10 | |
| 99-00(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 | |
| 2000-01(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 | |
| 1998-99 വരവ് | എൽ.എഫ്.ടി(ബിപി)414/11/2.6.11 | |
| 1999-2000 വരവ് | എൽ.എഫ്.ടി(ബിപി)515/11/3.6.11 | |
| 2000-01 വരവ് | എൽ.എഫ്.ടി(ബിപി)516/11/3.6.11 | |
| 2001-02 | എൽ.എഫ്.ടി 21-880/09/14.7.11 | |
| 02-03 | എൽ.എഫ്.ടി21-881/09/14.7.11 | |
| 03-04 | എൽ.എഫ്.ടി21-882/09/14.10.11 | |
| 04-05 | എൽ.എഫ്.ടി21-1142/10/14.12.11 | |
| 05-06 | എൽ.എഫ്.ടി21-1143/10/14.12.11 | |
| 06-07 | എൽ.എഫ്.ടി21-1144/110/14.12.11 | |
| 07-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി(ബി.പി)-1420/2012/6.2.12 /14.3.12 | |
| 11-12 | എൽ.എഫ്.ടി.(ബി.പി)1656/13/10.3.14 | |
| 12-13 | എൽ.എഫ്.ടി.(ബി.പി)1024/14/8.10.14 /12.11.14 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി)375/15 /5.8.15/3.9.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)704/16 തീ. 21.5.16/16.8.16 | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ